കേരളവർമയുടെ 'ഗണപതിസ്തുതി'

സി. കെ. മൂസ്സതു്

കേരളവർമ വലിയ കോയിത്തമ്പുരാന്റെ അരിപ്പാട്ടേ ഏകാന്തവാസം പല നിലയിലും ചരിത്രപ്രധാനമായിരുന്നു. അന്നു് ക്ഷമാപണസഹസ്രം, യമപ്രണാമശതകം, പ്രക്രിയാസർവസ്വ വ്യാഖ്യാനം, ലളിതാംബാസ്തോത്രം എന്നീ സംസ്കൃതകൃതികൾ രചിച്ചതിനു പുറമേ മരുമകൻ എ. ആർ. രാജരാജ വർമയെ കാവ്യരംഗത്തേക്കു് ഉപനയിക്കുകയും ചെയ്തു. എ. ആർ. ന്റെ "ജീവചരിത്രത്തിലെന്നപോലെ മലയാളസാഹിത്യചരിത്രത്തിലും സ്മരണീയമായ ഒരു മഹാസംഭവം" എന്നതേ കേരളപാണിനി എന്ന ഗ്രന്ഥത്തിൽ പി. അനന്തൻപിള്ള ഇതേപ്പറ്റി പ്രസ്താവിച്ചതു്.

1930 ൽ സാഹിത്യപരിഷത്തിന്റെ ചതുർഥസമ്മേളനം പി. കെ. യുടെ അധ്യക്ഷതയിൽ കൂടിയ മൂന്നാം ദിവസത്തെ യോഗത്തിൽ "കേരള പാണിനി" എന്ന ഗദ്യപ്രബന്ധമവതരിപ്പിക്കവെ, ശ്രീ കെ. എൻ. ഗോപാലപിള്ള സംഭവത്തെ വിവരിച്ചതിങ്ങനെയാണു്:-ഇദ്ദേഹത്തിന്റെ(എ. ആർ. ന്റെ) കവിതാരംഭത്തിനു് സഹായഭൂതൻ തന്നെ ഗുരുഭൂതനായിത്തീർന്ന സംഭവം താഴെ ചേർക്കുന്നു. ശാസ്ത്രപഠനം ആരംഭിച്ചു രണ്ടു വർഷക്കാലമായി. ഒരു അനധ്യയനത്തിനു് തലേ ദിവസം പാഠം നിറുത്താറായപ്പോൾ "നാളെ വൈകുന്നതിനകം ഗണപതിസ്തുതിയായി ഇഷ്ടമുള്ള വൃത്തത്തിൽ ഓരോ അഷ്ടകം എഴുതിക്കൊണ്ടു വരണം" എന്നു് കേരളവർമ ശിഷ്യന്മാരോടാജ്ഞാപിച്ചു. കൽപന അഭേദ്യമായിരുന്നതിനാലും വഹിക്കേണ്ട ഭാരം അപരിചിതപൂർവവും ആകസ്മികവുമായിരുന്നതിനാലും ശിഷ്യന്മാർ വിഷണ്ണരായിട്ടാണു് അന്നത്തെ രാത്രി കഴിച്ചുകൂട്ടിയതു്. പിറ്റേദിവസം രാവിലെ രവിവർമ കോയിത്തമ്പുരാൻ അഷ്ടകം തയാർചെയ്തു. മറ്റൊരു ശിഷ്യനായ ചെമ്പ്രമഠത്തിൽ തമ്പുരാൻ പദ്യനിർമിതി തന്നാലസാധ്യം എന്നു തീർച്ചയാക്കി. നമ്മുടെ നായകനാകട്ടേ, പകൽ മുന്നു മണി വരെ കൃത്യാന്തരവ്യാപൃതനായിരുന്നു. അപ്പോഴാണു് "നാലടിക്കുമ്പോൾ അമ്മാവൻ വിളിക്കുമല്ലോ" എന്നുള്ള സംഗതി ഓർമ വന്നതു്. ഉടൻ കടലാസും പെൻസിലും എടുത്തു് പുരമുറിയുടെ മുകളിൽ പോയിരുന്നു് എഴുതിത്തുടങ്ങി. അഷ്ടകം എഴുതിത്തീർന്നതും മണി നാലടിച്ചതും ഗുരുനാഥൻ ശിഷ്യന്മാരെ വിളിച്ചതും ഒരുമിച്ചു കഴിഞ്ഞു. സാവധാനമായും പരിഭ്രമത്തോടു കൂടിയും ശിഷ്യന്മാർ ഗുരുസന്നിധിയിൽ എത്തി. "അഷ്ടകം കേൾക്കട്ടേ" എന്നു കൽപിച്ചപ്പോൾ രവിവർമ കോയിത്തമ്പുരാൻ സ്വകൃതി വായിക്കുകയും, "അഭ്യാസത്തിനു് അനുഗ്രഹമായിരിക്കുന്നു" എന്നു് ഗുരു മറുപടി പറയുകയും ചെയ്തു. നമ്മുടെ നായകനാകട്ടേ, ഒരിക്കൽ എഴുതിത്തീർന്നതല്ലാതെ ആവർത്തിച്ചു വായിക്കപോലും ചെയ്തിട്ടില്ലായ്കയാൽ വളരെ മനസ്സിരുത്തി ആദ്യപദ്യം വായിച്ചു. 'ഒന്നു കൂടി കേൾക്കട്ടേ' എന്നു് ഒരാജ്ഞയും പുറപ്പെട്ടു. ആ ശ്ലോകം വീണ്ടും ചൊല്ലി ഗുരുനാഥൻ ശിഷ്യന്റെ കൈയിൽ നിന്നു കടലാസു വാങ്ങി മുഴുവനും വായിച്ചു. മാത്രമല്ല "ഞാനും ഒരഷ്ടകം എഴുതി വച്ചിട്ടുണ്ടു്. അതെടുത്തുകൊണ്ടു വന്നു വായിക്കുക" എന്നു കൽപിച്ചു. ബാലനായ രാജരാജവർമ ഉടൻ തന്നെ മാതുലന്റെ കൃതി കൊണ്ടു വന്നു് വായിച്ചു. രണ്ടു കവിതാരീതിയും ഒന്നുപോലെയിരുന്നു. ഗുരുനാഥൻ മനസാ ശിഷ്യനെ അത്യന്തം ശ്ലാഘിച്ചു. അഷ്ടകം രണ്ടും പകർത്തി പേർവെക്കാതെ മൂത്ത കോയിത്തമ്പുരാനു് അയക്കുകയും ചെയ്തു. കേരളവർമയുടെ കൃതി ഓജഃപ്രസാദിഗുണസമ്പൂർണതയാൽ പ്രഥമദൃഷ്ടിയിൽ തന്നെ ഇന്നതാണെന്നു് അവിടേക്കു ബോധ്യമായി. "ഈ കവി ആരായിരുന്നാലും അർഥചമൽകൃതി കൊണ്ടു് അനുജന്റെ കവിതയോടു് സമതയോ ആധിക്യത്തെയോ തന്നെ വഹിക്കുന്നു" എന്നു

മൂത്ത കോയിത്തമ്പുരാൻ എഴുതി അയച്ചു. ഇങ്ങനെ ഗുരുനാഥന്റെയും കലാനിധിയായ വലിയമ്മാവന്റെയും അനുഗ്രഹവും പ്രീതിയും പ്രഥമ കവിതയിൽ നിന്നു തന്നെ അദ്ദേഹം സമ്പാദിച്ചു.

കേരളവർമദേവൻ രചിച്ച 'ഗണപതിസ്തുതി' എവിടെ? പ്രിയഭാഗിനേയനെ കാവ്യരംഗത്തേക്ക് കൈപിടിച്ചിറക്കുക എന്നതു പ്രധാനം തന്നെ. അതോടനുബന്ധിച്ചു അനുപതന്ത്രനിലയിൽ എഴുതിയ ആ കൃതി കൗതുകകരമാകുമല്ലോ. പക്ഷേ, കേരളവർമയുടെ കൃതികളുടെ പട്ടികയിൽ ഈ കൃതി പരാമർശിക്കപ്പെട്ടുന്നില്ല. വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാന്റെ ആവശ്യമനുസരിച്ച് കേരളവർമ രചിച്ച ഭാവാനലവർണനത്തിൽ നാല്പ ശ്ലോകങ്ങളേ ഉള്ളു. അതുകൂടി ഉളളൂർ പരാമർശിച്ച നിലയ്ക്കു ഈ ഗണപതിസ്തുതി എങ്ങനെ ഉളളൂരിന്റെ കൈകളിൽ നിന്നു ചോർന്നുപോയി എന്നും ഞാൻ അത്ഭുതപ്പെട്ടു. എന്റെ പഴയ മാസികാശേഖരത്തിൽ പരതിയപ്പോൾ 1087 കന്നി ലക്കം ലക്ഷ്മീഭായി മാസിക (ഭാരതവിലാസം പ്രസ്സ്, ഉളളൂർ) യിൽ "ഗണപതിസ്തുതി" കണ്ടുകിട്ടി. പക്ഷേ, പത്തു ശ്ലോകങ്ങൾ ഉണ്ട്. ചിത്രപ്പണികളോടെ ചേർത്ത ശ്ലോകങ്ങൾ ഇതാ:

ഗണപതിസ്തുതി

സുരദനുജ നരന്മാരേവരും കൈവണങ്ങും
വരദനഖില വിഘ്നധ്വാന്ത സംഹാരസൂര്യൻ
ദ്വിരദവദനനാകും തമ്പുരാനൻപിനോടേ
പുരദഹന കുമാരൻ മംഗളം മേ തരട്ടേ. 1

അരവനിവഹഭൂഷാ ഭാസുരൻ, ഭക്തിയോടേ
സുരവനിതകൾ നൽകും നല്ലൊരെള്ളുണ്ടയപ്പം
അരവണയിവയെല്ലാമാസ്വദയോടാഹരിക്കും
ശരവണഭവ സോദര്യന്റെ പാദം തൊഴുന്നേൻ 2

സമദ സലിലധാരാ സാരസൗരഭ്യഗന്ധ-
ഭ്രമദളിനികുരുംബൻ വീരഹേരംബദേവൻ
നമദമര കദംബാ ഭീതി ദാനൈകതാനൻ
മമ ദനുജകൃതാന്തൻ മംഗളം നൽകിടട്ടേ 3

അമലരുചി കരിമ്പാം വില്ല നല്ലോരു രത്ന-
ത്തുമല ഗദയുടഞ്ചൽ ഭംഗി നാരങ്ങശൂലം
കമലമിതുകളേന്തും വിഘ്നരാട്ടന്തരായ-
ക്കമലകളെയകറ്റിക്കാത്തുകൊള്ളേണമെന്നെ 4

മദനരിപുതനൂജൻ ജ്ഞാനലോലാളി രാജ-
ദ്വദനനരിയ വിഘ്നവ്രാത വിധ്വംസദക്ഷൻ
കദനമപഹരിച്ചിട്ടവ്യളീകാനുകമ്പാ-
സദന ഹൃദയനെന്നെസ്സ്തുപരം കാത്തിടട്ടേ 5

അജഗവധരനാകും ദേവദേവന്റെ പുത്രൻ
ത്രിജഗദവന നിത്യോദ്യുക്തനാമേകദന്തൻ
ഭുജഗവലയഭൂഷൻ ഭൂരിവ്യായ ഭൂയാൽ
ഭുജഗരിമഹരനാമിത്രാസുരൻ ഭാസുരാംഗൻ 6

തരണമഭയമെന്നായ് ഭക്തിസമ്പൂരിതാന്തഃ
കരണമൊട്ട വണങ്ങും സേവകന്മാർക്ക നിത്യം
ശരണദമരുണാഭം ശ്രീഗണാധീശ്വരൻ തൻ-
ചരണമഖില കല്യാണാവഹം ഭാവയേഹം 7

പ്രിയതമയുടെ ഗാഢാലിംഗനാനന്ദമഗ്നൻ
പ്രിയതമതി വിവശ്ചിന്മണ്ഡലാരാധ്യമാനൻ
നിയതമഘമശേഷം നീക്കി നിസ്സീമപുഷ്യ-
ദ്വയതമയി സമാലംബിക്കണം സാമജാസ്യൻ 8

കലയതു കലുഷൗഘധ്വംസനം ചന്ദ്രമസ്സിൻ-
കലയതു മകുടത്തിൽ ദേവ! ചാർത്തും ഭവാൻ മേ
നിലയതുലമഹത്വം നല്കുവാനുകമ്പാ-
നിലയ! തുടരണം നിൻ പ്രീതിയെപ്പോഴുമെന്നിൽ 9

ചിന്താഗോചരമാക്കി നിന്തിരുവടി
ച്ചെന്താർ ഭജിക്കുന്നൊരെൻ-
സന്താപൗഘമപാകരിക്ക ഭഗവൻ
ദന്താവളേന്ദ്രാനന!
എന്താണിത്ര വിളംബമായതിനഹോ!
ഹന്താശു വിഘ്നാവലീ-
ഹന്താ സേവകവാഞ്ഛിതാർത്ഥമരുളും
സന്താനമല്ലോ ഭവാൻ. 10

(കേരളവർമ സി. എസ്. ഐ.
വലിയകോയിത്തമ്പുരാൻ)

1054-ൽ എഴുതിയ അഷ്ടകം തന്നെ 1087 കന്നിലക്കം ലക്ഷ്മീഭായിയിൽ പ്രസിദ്ധപ്പെട്ടുത്തിയതാകുമോ? അങ്ങനെ പ്രസിദ്ധപ്പെട്ടുത്താൻ പ്രത്യേക കാരണമെന്തു? മാത്രമല്ല, അന്നു എഴുതിയ അഷ്ടകത്തിൽ പത്തു ശ്ലോകങ്ങളുണ്ടായിരുന്നോ?

അഷ്ടകത്തിനോട്ടു ഒരു മംഗളവും ഉപസംഹാരവും ചേർത്താൽ പത്തു ശ്ലോകങ്ങൾ ആവും. അങ്ങനെ പതിവുണ്ടെന്നാണു പണ്ഡിതമതം. അഥവാ പഴയ അഷ്ടകത്തോട്ടു പിന്നീടു രണ്ടു ശ്ലോകം കൂടി എഴുതിച്ചേർത്തു പ്രസിദ്ധീകരിച്ചതാകാം. ഇവിടെ "ഓജപ്രാസാദി ഗുണ"ങ്ങൾ കാണുന്നുണ്ടു, തീച്ച.

മാത്രമല്ല അവസാനത്തെ ശ്ലോകത്തിൽ താൻ സന്താപനിമഗ്നനാണെന്നും സഹായമെത്തിക്കാൻ ഗണനായകൻ എന്തിനു് വൈകിക്കുന്നുവെന്നും സൂചിപ്പിക്കപ്പെടുന്നു വിരഹപാരവശ്യവും ശരണ്യാനുകാംക്ഷയും അവയുടെ സ്ഫുരിക്കുന്നു. അതുകൊണ്ടു് ഈ കൃതി അരിപ്പാടിരുന്നപ്പോൾ എഴുതിയതു തന്നെ. ഒരു സന്ദർഭത്തിലെഴുതിയ കൃതി അൽപസ്വൽപമായ ഭേദഗതി വരുത്തി മറെറാരു സന്ദർഭത്തിലുപയോഗിക്കുക അന്നു് അപരിചിതമല്ല. 1045 ൽ ആയില്യം തിരുനാളിനെ സംബന്ധിച്ചെഴുതിയ തുലാഭാരശതകം വർഷങ്ങൾക്കുശേഷം വിശാഖം തിരുനാൾ തിരുമനസ്സിലെ തുലാഭാരാഘോഷ സന്ദർഭത്തിൽ കേരളവർമ്മ കാഴ്ചവയ്ക്കുകയുണ്ടായി (കേരളവർമ്മദേവൻ പേജ്, 110-111). അതുപോലെ ആയില്യം തിരുനാളിനു് സമർപ്പിച്ച പാദാരവിന്ദശതകം തന്നെയാണു് ശ്രീമൂലക മഹാരാജപാദപത്മശതകം എന്ന പേരിൽ ഏതാനും ചില മാറ്റങ്ങൾ വരുത്തി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് (വിജ്ഞാനദീപിക, നാലാം ഭാഗം, പേജ് 327). 1087 കന്നിയിൽ ഗണപതിസ്തുതി പ്രസിദ്ധീകരിക്കാൻ പ്രത്യേക കാരണം? ദ്വിതീയാക്ഷരപ്രാസം സംബന്ധിച്ചു് അമ്മാവനും മരുമകനും തമ്മിൽ അസുഖം അവസാനിച്ചു് രഞ്ജിപ്പിന്റെ കാലാവസ്ഥ വന്നുപെടുന്ന കാലമാണിതു്. ഡോക്ടർ കുഞ്ഞൻ പിള്ള, എ. ഗോപാലമേനോൻ തുടങ്ങിയ ഏതാനും സാഹിത്യകാരന്മാരും കേരളപാണിനിയുടെ ചില ശിഷ്യന്മാരും ഒരു പുതിയ ശാകുന്തളതർജ്ജമക്കായി എ. ആർ. നെ നിർബന്ധിച്ചിരുന്നു. അതേത്തുടർന്നു് തരിതഗതിയിൽ ഒരു തർജ്ജമക്കു് എ. ആർ. വട്ടംകൂട്ടി. പ്രസ്തുത കാര്യത്തെപ്പററി കേരളവർമദേവനിൽ എം. ആർ. ബാലകൃഷ്ണവാരിയർ പറയുന്നു: "ഈ പുതിയ സംരംഭവും കേരളവർമദേവനു് പ്രിയ ഭാഗിനേയനോടു് അൽപം രസക്കേടിനു് കാരണമായി. 87 കന്നി 17 ാംനു പതിവുപോലെ മാതുലസന്നിധിയിൽ വിദ്യാരംഭത്തിനായി കേരളപാണിനി ചെന്നിരുന്നപ്പോൾ അവിടത്തെക്കൂടെ ഉണ്ടായിരുന്ന എം. ഉദയവർമതമ്പുരാൻ ഭാഗിനേയന്റെ അവിവേകത്തെ ക്ഷമിക്കണമെന്നു് കേരളവർമദേവനോടു് അപേക്ഷിച്ചു. അടുത്ത ദിവസം, പ്രിയഭാഗിനേയൻ പശ്ചാത്താപം പ്രകാശിപ്പിക്കുകയും കേരളവർമദേവൻ കഴിഞ്ഞ കാര്യമെല്ലാം മറന്നുകൊണ്ടു് പ്രേമബന്ധത്തിനു് ശൈഥില്യമില്ലാതെ വർത്തിക്കുന്നതിനു് സമ്മതിക്കുകയും ചെയ്തു". "അമ്മാവനോടു് മത്സരിച്ചു" അവിടത്തെ ശാകുന്തളത്തിനു് അപകർഷമുണ്ടാക്കുവാനാണു് മരുമകന്റെ സംരംഭമെന്നു് ദുർബോധനങ്ങനെ നീങ്ങിയ കാലമായിരുന്നു എന്നു് രാൽപര്യം. പ്രിയമാതുലന്റെ ആദ്യമനോഭാവം എ. ആറിനെ വളരെ ഖേദിപ്പിച്ചിരുന്നു. നേരിൽ കാണുന്നതിനു കൂടി വൈമുഖ്യം കാണിച്ചതായിരുന്നു. വിദ്യാരംഭത്തിനു കൂടി ഈ അസുഖം നീങ്ങിക്കിട്ടുകയും എ. ആർ. ന്റെ ശാകുന്തളതർജ്ജമയ്ക്കു് കേരളവർമ അനുഗ്രഹശ്ലോകങ്ങൾ നൽകുകയും ചെയ്തതു് 1087 കന്നിയിലാണു്. എ. ആർ നെ കാവ്യരംഗത്തേക്കു ഇറക്കിയ സന്ദർഭത്തിൽ അ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പ്രസിദ്ധീകരണം.

നമ്മുടെ വളർത്തുമത്സ്യങ്ങൾ

ഗ്രന്ഥകർത്താ: കെ. എൻ. മേനോൻ

കടൽമത്സ്യത്തിന്റെ കാര്യത്തിൽ കേരളം സമ്പന്നമാണെങ്കിലും ശുദ്ധജലമത്സ്യത്തിന്റെ കാര്യത്തിൽ നാം തീരെ പിന്നിലാണു്. സാധാരണ മത്സ്യബന്ധനപ്രവർത്തനങ്ങളിലൂടെയും കൃത്രിമമായ വളർത്തുമാർഗങ്ങളിലൂടെയും വൻതോതിൽ സംഭരിക്കാൻ സാധിക്കുന്ന ചില ശുദ്ധജലമത്സ്യങ്ങളുണ്ടു്. പ്രചാരം കുറഞ്ഞവയെങ്കിലും സമൃദ്ധങ്ങളായ ഇനങ്ങളുമായി ഇടകലർത്തി കൃഷി ചെയ്യാവുന്ന പല മത്സ്യങ്ങളും, പുറം നാടുകളിൽ നിന്നു് കൊണ്ടുവരുന്നവയെങ്കിലും ഇപ്പോൾ നമ്മുടെ ജലാശയങ്ങളിൽ സമൃദ്ധമായി വളരുന്ന മത്സ്യങ്ങളും വേറെയുമുണ്ടു്.

സാമ്പത്തികപ്രാധാന്യമുള്ളവയും നമ്മുടെ നാട്ടിൽ കൃഷി ചെയ്യുവാൻ പറ്റിയവയും ഭക്ഷണയോഗ്യവുമായ മത്സ്യങ്ങളുടെ ഇനങ്ങളെക്കുറിച്ചു് ഈ പുസ്തകത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

ഗുജറാത്തു് മത്സ്യവകുപ്പിൽ ഗവേഷകനായി ജോലി ചെയ്യുകയാണു് ഗ്രന്ഥകാരൻ.

കോഴിക്കോടു് സർവകലാശാലയുടെ ഫിഷറീസു് വിദ്യാർഥികൾക്കു് പ്രത്യേകിച്ചും ജീവശാസ്ത്രവിദ്യാർഥികൾക്കു് പൊതുവിലും ഉപകരിക്കത്തക്ക വിധത്തിലാണു് ഈ പുസ്തകം സംവിധാനം ചെയ്തിരിക്കുന്നതു്.

പേജു് 157. അനേകം ഫോട്ടോ പ്ലേറ്റുകൾ.

വില, 6.25.

മ്മാവൻ എഴുതിയ ഗണപതിസ്തുതി എന്ന മാതൃകാപദ്യത്തിൽ പ്രാസനിഷ്കർഷ പ്രകടമാക്കിയിരുന്ന വസ്തുതയെ മരുമകനെ ഓർമിപ്പിക്കുകയോ ഉദ്ദേശിച്ചാകുമോ ഗണപതിസ്തുതിലക്ഷ്മീബായ് 1087 കന്നി ലക്കത്തിൽ ചേർത്തത്? ഒരു പക്ഷേ, അങ്ങനെ ആവാം.

കേരളവർമദേവനിൽ എം. ആർ. ബാലകൃഷ്ണവാരിയർ പറയുന്നതിങ്ങനെയാണ്: "കൊച്ചപ്പൻ ഗുരുസമക്ഷത്തു നിശ്ചിതസമയത്തിൽ അഷ്ടകം ചൊല്ലി കേൾപ്പിച്ചപ്പോൾ കേരളവർമദേവൻ സുസ്മേരവദനനായി. അവിടുന്നു രചിച്ചുകൊണ്ടുവന്നിരുന്ന അഷ്ടകവും ഇതും തമ്മിൽ ആശയത്തിലും പദപ്രയോഗത്തിലും അന്യാദൃശമായ ഐകരൂപ്യം കണ്ടു് അവിടന്നു് സന്തോഷപരവശനായി.

സകല സുരാസുരാധിശരണീകരണീയപദഃ
കരിവദനഃ കരോതു കരുണാജലധേഃ കുശലം
പ്രബലതരാന്തരായ തിമിരൗഘ നിരാകരണ
പ്രസ്മര ചന്ദ്രികായിത നിരന്തര ദന്തരുചിഃ

എന്നപദ്യം ഗണാഷ്ടകത്തിലുള്ള ഒരു ശ്ലോകമാണു്. രണ്ടു് അഷ്ടകങ്ങൾ തമ്മിൽ ആശയപ്പൊരുത്തമുണ്ടു് തീർച്ച. പ്രസ്തുത സംസ്കൃതശ്ലോകം ഏ. ആർ.നെറ ആകാനാണു് സാധ്യത. മലയാളത്തിലായിരുന്നില്ല ഏ. ആർ. നെറ ശ്ലോകങ്ങൾ എന്നു് ഉറപ്പിക്കാൻ മറെറാരു തെളിവും ഇല്ലാതില്ല. "1066 ൽ മലയാളമനോരമയിലെ കവിതാപംക്തിയിൽ പ്രസിദ്ധീകരിച്ച

കൃപാ കൃത്തിമകേസരം സടകളും
സ്നിഗ്ധത്തിൽ ബന്ധിച്ചുടൻ
ജോഷം വേഷമൊരുക്കിയൊക്കവേ ഹരി
സ്ഥാനത്തിരുത്തീടുകിൽ
നിത്യം മത്തഗജേന്ദ്ര മസ്തകതടം
പൊട്ടുന്ന പൊട്ടിക്കുമ-
പ്പാരീന്ദ്രൻ ചൊരിയും പടിക്കു ശുനകൻ
സർജിക്കുമോ ഗർജിതം

എന്ന പദ്യമായിരിക്കാം ചരിത്രനായകന്റെ (ഏ. ആർ.) ഒന്നാമത്തെ ഭാഷാകവിത; അച്ചടിച്ചു കണ്ടിട്ടില്ലാത്തവയിൽ ആദ്യത്തേതു് അതുതന്നെയാണെന്നുള്ളതു തീർച്ചതന്നെ" എന്നു് ഏ. ഡി ഹരിശർമ രേഖപ്പെടുത്തിയിട്ടുണ്ടു് (രണ്ടു സാഹിത്യനായകന്മാർ). സംസ്കൃതശ്ലോകം ഏ. ആറിന്റേതുതന്നെ.

അമ്മാവൻ മലയാളത്തിലും മരുമകൻ സംസ്കൃതത്തിലും ഗണപതിസ്തുതി രചിച്ചു എന്നതു രസകരമായിരിക്കുന്നു. വിജ്ഞാനകൈരളി വായനക്കാരിലാർക്കെങ്കിലും ഈ പ്രശ്നത്തിൽ കൂടുതൽ വെളിച്ചം നൽകാൻ കഴിയുമോ?

അവലംബങ്ങൾ:

1. സാഹിത്യപരിഷത്ത് ചതുർഥ സമ്മേളനറിപ്പോർട്ട്. 1930
2. കേരളപാണിനി, വി. അനന്തൻപിള്ള
3. കേരളവർമദേവൻ, എം. ആർ. ബാലകൃഷ്ണവാരിയർ
4. സാഹിത്യചരിത്രം; ഉള്ളൂർ
5. ലക്ഷ്മീഭായി മാസിക 1087 കന്നിലക്കം
6. വിജ്ഞാനദീപിക, നാലാം ഭാഗം. ഉള്ളൂർ
7. രണ്ടു സാഹിത്യനായകന്മാർ, ഹരിശർമ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പ്രസിദ്ധീകരണം

തവള–അംഗോൽപത്തി

ഗ്രന്ഥകർത്താവ്: എം; ഇന്ദുചൂഡൻ

തവളയെ പ്രരൂപമായെടുത്തു് ഭ്രൂണവിജ്ഞാനീയതത്ത്വങ്ങളെ പൊതുവെ ചർച്ച ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കപ്പെട്ട പുസ്തകത്തിലെ രണ്ടാം വാല്യമാണു് ഇതു്. വിവിധ അംഗവ്യൂഹങ്ങളുടെ ഉത്ഭവം, വികാസം, പ്രൗഢദശ പ്രാപിക്കൽ, പ്രവർത്തനം തുടങ്ങിയവയെല്ലാം ഈ പുസ്തകത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. പ്രരൂപമായി എടുത്തിരിക്കുന്നതു് തവളയെ ആണെങ്കിലും കശേരുകി ഭ്രൂണവിജ്ഞാനത്തിന്റെ മർമാംശങ്ങൾ സംക്ഷിപ്തമായിവിവരിക്കുവാൻ ഗ്രന്ഥകർത്താവിനു് കഴിഞ്ഞിട്ടുണ്ടു്.

എറണാകുളം മഹാരാജാസ് കോളെജിലെ ജന്തുശാസ്ത്രാധ്യാപകനാണു് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നതു്.

ബിരുദ-ബിരുദാനന്തര തലങ്ങളിൽ ജന്തുശാസ്ത്രവിദ്യാർഥികൾക്കു് പ്രയോജനപ്പെടത്തക്ക വിധത്തിലാണു് ഈ പുസ്തകം സംവിധാനംചെയ്തിരിക്കുന്നതു്.

പേജു് 252. അനേകം ചിത്രങ്ങൾ.

വില. ക. 7.75